"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള അങ്കണവാടികളിലെ അനുപൂരക പോഷകാഹാര പദ്ധതി - 3 മുതൽ 5 വയസ്സുവരെയുള്ള പ്രീസ്കൂൾ വിഭാഗം കുട്ടികൾക്കുള്ള ഉച്ചഭക്ഷണം - ഗുണഭോക്താവിന്റെ പച്ചക്കറി, ട്രാൻസ്പ്പോർട്ടേഷൻ ചാർജ്ജ് എന്നിവ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2132/2023/LSGD തീയതി,തിരുവനന്തപുരം, 01-11-2023

---

പരാമർശം:-
1. 03/10/2019 തീയതിയിലെ തദ്ദേശ സ്വയംഭരണ(ഡി.സി) വകുപ്പിന്റെ സ.ഉ(സാധാ) നം.2172/2019/തസ്വഭവ നമ്പർ ഉത്തരവ്.
2. വനിത ശിശു വികസന ഡയറക്ടറുടെ 17/10/2022 തീയതിയിലെ ICDS/B3/23754/2018 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള അങ്കണവാടികളിലെ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 3 മുതൽ 5 വയസ്സുവരെയുള്ള പ്രീസ്കൂൾ വിഭാഗം കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് ഒരു ഗുണഭോക്താവിന് പച്ചക്കറിക്ക് 1 രൂപ എന്നത് 2 രൂപയായും ട്രാൻസ്പ്പോർട്ടേഷൻ ഒരു കിലോയ്ക്ക് 50 പൈസയുമായി നിശ്ചയിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന പച്ചക്കറിയുടെ നിരക്കായ 2 രൂപ 3 വർഷം മുമ്പ് നിശ്ചയിച്ചതും ട്രാൻപോർട്ടേഷനുള്ള നിരക്കായ കിലോയ്ക്ക് 50 പൈസ 15 വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ച് നൽകിയിരുന്നതുമായതിനാൽ ആയത് ഒരു ഗുണഭോക്താവിന് പച്ചക്കറിക്ക് 2 രൂപ എന്നത് 5 രൂപയായും ട്രാൻസ്പ്പോർട്ടേഷൻ ഒരു കിലോയ്ക്ക് 50 പൈസ എന്നതു 1 രൂപയായും വർദ്ധിപ്പിക്കണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം(2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള അങ്കണവാടികളിലെ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 3 മുതൽ 5 വയസ്സുവരെയുള്ള പ്രീസ്കൂൾ വിഭാഗം കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് ഒരു ഗുണഭോക്താവിന് പച്ചക്കറിക്ക് 2 രൂപ എന്നത് 5 രൂപയായും ട്രാൻസ്പ്പോർട്ടേഷൻ ചാർജ്ജ് ഒരു കിലോയ്ക്ക് 50 പൈസ എന്നത് 1 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്

കൺവീനർ, എസ്.ആർ.ജി.

വനിത ശിശു വികസന വകുപ്പ്

സാമൂഹ്യ നീതി വകുപ്പ്

അക്കൗണ്ടന്റ് ജനറൽ(എ&ഇ)/ഓഡിറ്റ്, കേരള

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 01-11-2023 12:25:07

സെക്ഷൻ ഓഫീസർ